ഉത്തരം

(എ) ഉണ്ട്.

(ബി) പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. ചില വിദ്യാർത്ഥികളെ സംബന്ധിച്ച് വീടിനടുത്തായിരിക്കും പാരലൽ കോളേജുകൾ എന്നതും അംഗീകൃത സ്ഥാപനങ്ങളിൽ ആവശ്യപ്പെട്ട ഗ്രൂപ്പോ വിഷയമോ ലഭിക്കാതെ വരുന്നതും ഇതിനൊരു കാരണമായി കണക്കാക്കുന്നു. സ്ഥാപനങ്ങളുടെ പഠന നിലവാരം മറ്റൊരു കാരണമായി കണക്കാക്കാവുന്നതാണ്.

(സി) ഇല്ല. എന്നാൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) റഗുലർ അംഗീകൃത സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചിത ശതമാനം സീറ്റ് റിസർവ്വേഷൻ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള റഗുലർ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് അപേക്ഷ നൽകുകപോലും ചെയ്യാതെ പാരലൽ കോളേജിൽ ചേരുന്ന പ്രവണത ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്നാണ് ഇങ്ങനെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്.

(ഇ) റഗുലർ അംഗീകൃത സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും സീറ്റ് ലഭിക്കാതെവരികയോ അല്ലെങ്കിൽ ആവശ്യപ്പെട്ട സബ്ജക്ട്/ഗ്രൂപ്പ് ലഭിക്കാതെ വരികയോ ചെയ്യുന്ന വിദ്യാർത്ഥികൾ പാരലൽ കോളേജിൽ ചേർന്ന് പഠിക്കുകയാണെങ്കിൽ ആനുകൂല്യം അനുവദിച്ചുനൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സാങ്കേതിക കോളേജുകളിലും മെഡിക്കൽ കോളേജുകളിലും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹ്യ സാമ്പത്തികസ്ഥിതി

64 [2446] *ശ്രീമതി ശോഭനാ ജോർജ്:*
ശ്രീ. ലൂഡി ലൂയിസ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ജി. കാർത്തികേയൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക കോളേജുകളിലും മെഡിക്കൽ കോളേജുകളിലും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹിക സാമ്പത്തികസ്ഥിതിയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇവരിൽ എത്ര ശതമാനം പേർ സാധാരണ കുടുംബങ്ങളിൽ നിന്നും വരുന്നവരാണ്;

(സി) അച്ഛനമ്മമാർ ഉദ്യോഗസ്ഥരായിട്ടുള്ള എത്ര ശതമാനം വിദ്യാർത്ഥികൾ ഇവരുടെ ഇടയിലുണ്ട്;

(ഡി) സാധാരണക്കാരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സാങ്കേതിക കോളേജുകളിലേക്കും മെഡിക്കൽ കോളേജുകളിലേക്കും ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നിശ്ചിത ശതമാനം സീറ്റുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാവിധ പഠനസഹായങ്ങളും സർക്കാർ നൽകുന്നുണ്ട്. അവർക്കുള്ള മുഴുവൻ ഫീസ് ആനുകൂല്യങ്ങളും, ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണച്ചെലവ്, പോക്കറ്റ് മണി എന്നിവയും നൽകുന്നു. കൂടാതെ, റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാക്കുന്ന ബുക്ക് ബാങ്ക് പദ്ധതിയും നടപ്പിലാക്കിവരുന്നു. ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾ, സ്വന്തം നിലയ്ക്ക് സ്ഥാപനത്തിനടുത്തു താമസിക്കുകയാണെങ്കിൽ അവർക്ക് പ്രതിമാസം 1000 രൂപ വീതം നൽകുന്നുണ്ട്. 'അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്' പദ്ധതിപ്രകാരം 9-ാം ക്ലാസ്സിൽ സർക്കാർ/എയ്ഡഡ് സ്ഥാപനത്തിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട റസിഡൻഷ്യൽ സ്കൂളിൽ പ്രവേശനം ലഭ്യമാക്കി +2 വരെ പഠിക്കുന്നതിനും അവരെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രാപ്തരാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ മുഖേന പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly